സർക്കാർ തീരുമാനമെടുക്കുന്നത്. യാത്രാക്കൂലിയിൽ വർദ്ധനവ് വരുത്തിയതിനു ശേഷം ഇന്ധനവിലയിൽ കുറവു വന്ന സാഹചര്യത്തിൽ യാത്രാക്കൂലി കുറയ്ക്കുന്നത് സംബന്ധിച്ച കാര്യത്തിൽ അഭിപ്രായം ലഭ്യമാക്കാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിച്ചിട്ടില്ല. ഇത്തരം കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2010-ൽ രൂപീകൃതമായ ടി കമ്മിറ്റി പ്രവർത്തിച്ചു വരുന്നതിനാൽ കമ്മിറ്റിയുടെ ശിപാർശ ഈ വിഷയത്തിൽ ഒഴിവാക്കാൻ കഴിയുകയില്ല. ചരക്കുകൂലി സർക്കാർ നിശ്ചയിച്ചിട്ടില്ല.

(ബി) 'എ' പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) പെട്രോൾ/ഡീസൽ എന്നിവയുടെ വിലക്കുറവ് കണക്കാക്കി യാത്രാക്കൂലി കുറയ്ക്കുന്നത് സംബന്ധിച്ച് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുമ്പോൾ യാത്രാക്കൂലി കുറയ്ക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്.

## കെ.എസ്.ആർ.ടി.സി.- സ്വകാര്യവൽക്കരണം

319 (3953) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി സ്വകാര്യവൽക്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടെന്നുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

ഉത്തരം

കെ.എസ്.ആർ.ടി.സി.-യെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ പരിഗണനയിലില്ല. കോർപ്പറേഷനെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

## കെ.എസ്.ആർ.ടി.സി.-യിൽ സി.എൽ.ആർ. ആയി ജോലി ചെയ്യുന്നവരുടെ സ്ഥിരപ്പെടുത്തൽ

320 (3954) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി.-യിൽ വർഷങ്ങളായി സി.എൽ.ആർ. ആയി ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷം സേവനം ചെയ്തവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സി.എൽ.ആർ. ആയി ജോലി നോക്കിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയിട്ടുള്ള ഉത്തരവിൽ ഉൾപ്പെടാതെ വിട്ടുപോയിട്ടുള്ളവർ ഉണ്ടോ ; ഉണ്ടെങ്കിൽ ഇവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) കെ. എസ്. ആർ. ടി.സി.-യിൽ 25 വർഷമായി ജോലി നോക്കുന്ന സി.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് അർഹതയുണ്ടോ ; ഉണ്ടെങ്കിൽ ഇവരെ ഉൾപ്പെടുത്തി ഉടൻ ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 25 വർഷം സേവനം ചെയ്തവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇല്ല.

(സി) 2012 സേവന വേതന കരാറിൽ 28-2-2011-ൽ പാനലിലുള്ളവരും 25 വർഷം പൂർത്തീകരിച്ചതുമായ സി.എൽ.ആർ.-കാരെ സ്ഥിരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു പ്രകാരമുള്ള പ്രാരംഭ നടപടികൾ KSRTC-യിൽ ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ**

321 (3955) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര റിട്ടയർ ചെയ്ത കെ.എസ്.ആർ.ടി.സി. ജീവനക്കാർ നിലവിൽ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രതിമാസം ടി ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് എത്ര രൂപ ആവശ്യമായി വരുമെന്ന് വെളിപ്പെടുത്തുമോ ;

(സി) നിലവിൽ പെൻഷൻകാർക്ക് നൽകാൻ ആകെ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2011 ഏപ്രിൽ മാസത്തിൽ KSRTC പെൻഷൻകാർക്ക് പെൻഷൻ ഇനത്തിൽ എത്ര കുടിശ്ശികയുണ്ടായിരുന്നെന്ന് വെളിപ്പെടുത്താമോ ;

(ഇ) കെ.എസ്.ആർ.ടി.സി പെൻഷൻകാരിൽ പെൻഷൻ ലഭ്യമാകാത്തതിനെ തുടർന്ന് സാമ്പത്തിക പ്രയാസംമൂലം എത്ര പേർ ആത്മഹത്യ ചെയ്തെന്നും എത്ര പേർ സമരങ്ങളിലും മറ്റും പങ്കെടുത്ത് കുഴഞ്ഞു വീണ് മരിച്ചെന്നും അറിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly